LIBRARY ARCHIVES Kerala Legislative Assembly

പ്രീ-പ്രൈമറി സ്കൂൾ

28 (5095) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് എത്ര പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയിലെല്ലാം കൂടി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രൈമറി മുതലുള്ള വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; ഈ സഹായം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉച്ചഭക്ഷണ പദ്ധതിയിൽ പ്രീപ്രൈമറി കുട്ടികളെ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് 2280 പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി ഏകദേശം 70,000 വിദ്യാർത്ഥികൾ പഠിക്കുന്നു.

(ബി) പ്രൈമറി മുതലുള്ള വിദ്യാർത്ഥികൾക്ക് മറ്റ് കുട്ടികൾക്കുള്ളതുപോലെ ഉച്ചഭക്ഷണം നൽകിവരുന്നു.

(സി) നിലവിൽ അംഗീകാരമില്ലാത്ത പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ

29 (5096) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;